

# നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?

അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും :
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ജൂലായ് 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, by Faith Designz

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617, +91-80-65970617
Email: contact@apcwo.org
Website: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണ്, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണ്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - How to Help Your Pastor)

# അവതാരിക

ശക്തമായ ഒരു സഭ പണിയുവാനുള്ള ആഗ്രഹത്തോടെ, അതിൽ ശക്തമായ ജനങ്ങളെ എഴുന്നേൽപിച്ചുകൊണ്ടു, ഈ സന്ദേശം ഞാൻ പങ്കു വയ്ക്കുന്നു- “നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?” ഇതു ചെയ്യുന്നതുകൊണ്ട് എന്റെ ഹൃദയത്തിന്റെ പ്രേരകം നിങ്ങൾ ഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പുസ്തകത്തിൽ സമർപ്പിച്ചിരിക്കുന്ന സന്ദേശം വ്യക്തിപരമായി ആരോടും എതിരായിട്ടുള്ള ഒന്നല്ല. എനിക്കു വ്യക്തിപരമായി ആരോടെങ്കിലും ഏതെങ്കിലും വിശദീകരണം ഉണ്ടാക്കണമായിരുന്നു എങ്കിൽ, ഒരു പുസ്തകത്തിലൂടെയല്ല, ഞാൻ ഒന്നിനോടൊന്നു ചെയ്യും.

നമ്മളിൽ മാതാപിതാക്കളായിട്ടുള്ളവർക്കു അറിയാം കുട്ടികളെ വളർത്തുമ്പോൾ, അവിടെ സമയങ്ങൾ ഉണ്ട് നമ്മൾ പ്രഹരിക്കുന്ന, മിക്കവാറും നമ്മൾ വളരെ പതിവായി അവരെ സ്നേഹംകൊണ്ട് വർഷിക്കും! ഇതു നമ്മൾ നമ്മുടെ മക്കളെ വെറുക്കുന്നതുകൊണ്ടല്ല എന്നാൽ എന്തുകൊണ്ടെന്നാൽ അവരെ ശക്തമായ ജനങ്ങളാക്കി വളർത്തുവാൻ നമ്മൾ ആഗ്രഹിക്കുന്നതുകൊണ്ടാണ്. അതുപോലെതന്നെ ശക്തമായ ജനങ്ങളെ സഭയിൽ എഴുന്നേൽപിക്കുവാൻ നമ്മൾ ആഗ്രഹിക്കുമ്പോൾ നമ്മൾ അവരെ പഠിപ്പിക്കേണ്ടതു ആവശ്യമാണ് ദൈവത്തിന്റെ ഭവനത്തിൽ അവർ എന്താണ് ചെയ്യുവാൻ സങ്കൽപിക്കുന്നതെന്ന്.

**“ഞാൻ താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു”** (1 തിമൊഥെയൊസ് 3:15).

പൗലൊസ് തിമൊഥെയൊസിനു എഴുതുന്നു ഇങ്ങനെ പറഞ്ഞു കൊണ്ടു, പ്രാദേശിക സഭയിൽ ഒരുവൻ തന്നെത്താൻ സംനയി ക്കുന്നതിനു അവിടെ ശരിയായ ഒരു വഴിയുണ്ട്. വേറൊരുവിധ ത്തിൽ, പൗലൊസ് പറയുന്നത് ദൈവത്തിന്റെ ഭവനത്തിൽ പെരുമാറുന്നതിന് അവിടെ ശരിയായ ഒരു വഴി ഉണ്ടെന്നും വിശ്വാ സികളെ അതു പഠിപ്പിക്കേണ്ടതു ആവശ്യമാണെന്നും. നിർഭാഗ്യ വശാൽ ഈ വിഷയത്തെക്കുറിച്ചു അവിടെ കൂടുതലായ പഠിപ്പീ രൊന്നും ഇല്ല, എല്ലാവർക്കും ചെയ്യുന്നതിന് ചായ്‌വുണ്ടാകുന്നു അവർ ശരിയെന്നു ചിന്തിക്കുന്നത് ചെയ്യുന്നതിന്. സഭയിലുള്ള ജനങ്ങൾ അവരുടെ മനസ്സിൽ എന്തൊക്കെയാണോ അതു ചെയ്യു ന്നു എന്നിട്ട് സഭയെ വ്യത്യസ്തദിക്കുകളിലേക്കു വലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു എന്നിട്ടു ഇപ്രകാരം സഭ എങ്ങുമല്ലാതെ പോകുന്നു! ഒരുവൻ അല്ലെങ്കിൽ ഒരുവൾ അവർ ചിന്തിക്കുന്നതു ശരിയാണെന്നു വിചാരിച്ചു ഓരോരുത്തരും അതു ചെയ്താൽ, കലഹങ്ങളും അലങ്കോലങ്ങളും നിറഞ്ഞ ഒരു സഭയായിരിക്കും നമുക്കു ഉണ്ടായിരിക്കുന്നത്. എന്നാൽ ദൈവം അലങ്കോലത്തിന്റെ സൃഷ്ടികർത്താവല്ല.

**“സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായ ത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു”** (1 കൊരിന്ത്യർ 1:10).

ഈ തിരുവെഴുത്തു ഒരു അപേക്ഷിക്കുന്നതോ അല്ലെങ്കിൽ ഒരു നിർദ്ദേശമോ അടങ്ങിയിട്ടില്ല, എന്നാൽ ഒരു അഭ്യർത്ഥന അല്ലെ ങ്കിൽ ഒരു വ്യഗ്രത അതു ദൈവത്തിന്റെതന്നെ അധികാരത്തിൽ നിന്നും വരുന്നു. ഇതാ ഇവിടെ ദൈവം എന്താണ് കൽപിക്കുന്നതു പ്രാദേശികസഭകൾക്കുവേണ്ടി അപ്പൊസ്തലനായ പൗലൊസിലൂടെ.

- നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കണം. ഇതു അസാദ്ധ്യമാണെന്നു കണ്ടേക്കാം.

നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?

- നിങ്ങളുടെയിടയിൽ വിഭജനം ഉണ്ടാകരുത് (വേർതിരിക്കൽ, പിളർപ്പ്).
- നിങ്ങൾ പരിപൂർണ്ണമായും ഒരുമിച്ചുകൂടണം (പൂർണ്ണപൊരുത്തത്തിൽ).
- നിങ്ങൾ എല്ലാവരും ഒരേ മനസ്സുള്ളവരായിരിക്കണം ഒരേ വിവേകവും.
- നിങ്ങൾ എല്ലാവരും ഒരേ തീരുമാനമുള്ളവരും, ഉദ്ദേശ്യമുള്ള വരും, അഭിപ്രായമുള്ളവരും ആയിരിക്കണം

കൊരിന്ത്യസഭയെ നമ്മൾ പരിഗണിക്കുമ്പോൾ, അതു ഒരു 'വർഗ്ഗലക്ഷണമുള്ള' സഭ ആയിരുന്നുവെന്നു നമുക്കു കാണാം ഇന്നുള്ള നമ്മുടെ എല്ലാ സഭകളെയുംപോലെ. തെറ്റായ അനേക കാര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. അവിടെ ചില ജനങ്ങൾ ഉണ്ടായിരുന്നു അവർ പറഞ്ഞു അവർ അപ്പൊല്ലൊസിനു ഉള്ളവർ ആണെന്നു അതേസമയം മറ്റു ചിലർ പറഞ്ഞു അവർ പൗലൊസിനു ഉള്ളവരാണെന്ന്. വിവാഹത്തെപ്പറ്റിയും, ബിംബങ്ങൾക്കു ആഹാരം കൊടുക്കുന്നതിനെപ്പറ്റിയും, അന്യഭാഷകളിൽ സംസാരിക്കുന്നതിനെപ്പറ്റിയും, ആത്മാവിന്റെ വരങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ഏറ്റവും ഗൗരവമായ കുറ്റം അവർ അവരുടെ പ്രഭാതഭക്ഷണം കഴിച്ചിരുന്നത് തിരുവത്താഴകൂദാശയുടെ മേശമേൽ ആയിരുന്നു, ചെറിയ ഒരു കഷണം അപ്പംകൊണ്ടോ ചെറിയ ഒരു കപ്പ് വൈൻ കൊണ്ടോ നിർത്താതെ, എന്നാൽ അപ്പം മുഴുവനും വൈൻ മുഴുവനും ആഗ്രഹിച്ചിരുന്നു! അവരുടെ പെരുമാറ്റത്തെപ്പറ്റി പൗലൊസിന് അവരെ അനുശാസിക്കേണ്ടിവന്നു എന്നിട്ടു അവരെ നിർദ്ദേശിക്കുന്നതിനു ശരിയായ വിധത്തിൽ അവർ തങ്ങളെ തന്നെ നിയന്ത്രിക്കുന്നതിന് (1 കൊരിന്ത്യർ 11:17–33). പൗലൊസ് ഇപ്രകാരം ജനങ്ങൾക്ക് എഴുതുന്നു ഭിന്നങ്ങളായ പശ്ചാത്തലം കൊണ്ടു അവരെ നിർദ്ദേശിക്കുന്നതു ഒരേകാര്യം സംസാരിക്കുവാനാണ്, അവരുടെയിടയിൽ ഒരു വിഭജനം ഉണ്ടായിരിക്കരു

തെന്നും, പരിപൂർണ്ണമായും ഒരുമിച്ചു കൂടണമെന്നും, ഒരേ മനസ്സും, വിവേകവും, അഭിപ്രായവും തീരുമാനം എടുക്കുന്നവരും ആയിരിക്കണമെന്ന്.

ഞാൻ വിശ്വസിക്കുന്നത് കർത്താവ് നമ്മളോട് എന്തെങ്കിലും ചെയ്യുവാൻ കൽപിക്കുകയാണെങ്കിൽ അപ്പോൾ ഇതു ഒരു സാദ്ധ്യതയാണു എന്തുകൊണ്ടെന്നാൽ നമുക്കു ചെയ്യുവാൻ കഴിയാത്ത ചില കാര്യങ്ങൾ ചെയ്യുവാൻ ദൈവം നമ്മളോടു കൽപിക്കുകയില്ല. ദൈവത്തിനു അങ്ങനെ ചെയ്യണമായിരുന്നെങ്കിൽ അതു കളിവാക്കു പറഞ്ഞ് പരിഹസിക്കുന്നതിനു തുല്യമായിരുന്നേനേ. ഇതു നമുക്കു സാദ്ധ്യമാണ് പൗലോസ് പറയുന്നതായ, വിധത്തിലുള്ള ഒരു സഭയായിരിക്കുവാൻ, അതാണ് എല്ലാ പാസ്റ്ററന്മാരും തന്റെ സഭയ്ക്കുവേണ്ടി ആഗ്രഹിക്കുന്നത്.

# 1

# പാസ്റ്ററുടെയും സഭാ അധികാരഗണത്തിന്റെയും വസ്തുനിഷ്ഠമായവകൾ

നിങ്ങളുടെ പാസ്റ്ററെ നിങ്ങൾക്കു എങ്ങനെ സഹായിക്കാം എന്നു ചർച്ചചെയ്യുന്നതിനുമുമ്പെ നമുക്കു ആദ്യം ഗ്രഹിക്കാം ഒരു പാസ്റ്ററുടെയും സഭാ അധികാരഗണത്തിന്റെയും വസ്തുനിഷ്ഠമായവകൾ എന്തൊക്കെയാണെന്ന്.

**"ഞാൻ നിങ്ങൾക്കു എന്റെ മനസ്സിനൊത്ത ഇടയന്മാരെ നൽകും; അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടുംകൂടെ മേയിക്കും"** (യിരെമ്യാവ് 3:15).

ദൈവത്തിന്റെ സ്വന്ത ഹൃദയത്തിനുശേഷം ഇടയന്മാർ എന്ന നിലക്കു, പാസ്റ്ററന്മാരെ കരുതുന്നത് ദൈവത്തിന്റെ ജനങ്ങളെ തീറ്റിപ്പോറ്റുന്നതിനാണ് ആത്മീകപരിജ്ഞാനംകൊണ്ടും വിവേകംകൊണ്ടും, എഴുതപ്പെട്ട ദൈവവചനത്തിൽനിന്നും അല്ലാതെ വേറെയാതൊരു ഉറവിടത്തിൽനിന്നും അല്ല. പാസ്റ്റർ ഒരു വിവേകം കൊടുക്കുവാൻ കടപ്പെട്ടവനാണ് അതു വരുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിൽനിന്നുമാണ്.

**"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം. വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനക്കും ആകുന്നു"** (എഫെസ്യർ 4:11–13).

തിരുവെഴുത്തിലെ ഈ പുസ്തകഭാഗം വിവരിക്കുന്നതു ഒരു പാസ്റ്ററുടെയും അതുപോലെ വചനം ശുശ്രൂഷിക്കുന്നതിൽ ഉൾ

പ്പെട്ടിരിക്കുന്നവരുടെയും ജോലിയെക്കുറിച്ചാണ്. പാസ്റ്ററെ ശുശ്രൂഷയുടെ പ്രവൃത്തിക്കായിട്ടല്ല ഉദ്ദേശിച്ചിരിക്കുന്നത് – നിങ്ങളെയാണ് സങ്കൽപിച്ചിരിക്കുന്നത്! നിങ്ങൾ ഒരു ശുശ്രൂഷകൻ ആണ്. സഭയിലെ വ്യക്തി നിങ്ങളുടെയടുത്ത് ഇരിക്കുന്നയാൾ ഒരുവനാണ് ശുശ്രൂഷയുടെ പ്രവൃത്തി നിങ്ങളോടുകൂടെ ചേർന്നു ചെയ്യേണ്ടയാൾ, അല്ലാതെ പാസ്റ്റർ അല്ല, പഠിപ്പിക്കുന്നവൻ അല്ല, സുവിശേഷകൻ അല്ല, പ്രവാചകൻ അല്ല, അപ്പൊസ്തലനുമല്ല – എന്തുകൊണ്ടെന്നാൽ അഞ്ചുമടങ്ങ് ശുശ്രൂഷക്കാരുടെ ജോലി വിശുദ്ധന്മാരെ ഒരുക്കുവാനാണ് അങ്ങനെ അവർക്കു ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുവാൻ കഴിയും. പാസ്റ്ററുടെ ജോലി യഥാർത്ഥത്തിൽ വളരെ എളുപ്പം ആണ് – നിങ്ങളെ ഒരുക്കുക മാത്രം. നിങ്ങൾ ഒരുവനാണ് ജോലി നിർവഹിക്കുവാൻ പോകുന്നവൻ! നിങ്ങൾ സഭയുടെ ഒരംഗം മാത്രമല്ല എന്നാൽ ഒരു ശുശ്രൂഷക്കാരനും കൂടെയാണ്. "സഭാംഗം എന്ന ഒരു മനോഭാവം" നിങ്ങൾക്കു ഉളവാക്കുവാൻ കഴിയത്തില്ല. "നിങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ ഒരു ശുശ്രൂഷക്കാരനാണ്, നിങ്ങളെ ഇവിടെ ആക്കിയിരിക്കുന്നത് ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുന്നതിന് ഒരുക്കുവാനാണ്, ക്രിസ്തുവിന്റെ ശരീരം പണിയപ്പെടേണ്ടതിന്" നമ്മൾ എല്ലാവരും വിശ്വാസത്തിന്റെ ഐക്യത്തിൽ വരുന്നതുവരെ... ക്രിസ്തുവിന്റെ സമ്പൂർണ്ണതയുടെ ഔന്നത്യം" (എഫെസ്യർ 4:13). അതുകൊണ്ട് പാസ്റ്ററും സഭാ അധികാരഗണവും എന്ന നിലക്കു നമ്മുടെ ചുമതല ക്രിസ്തുവിന്റെ സമ്പൂർണ്ണതയിൽ എത്തിച്ചേരുന്നതിന് വിശുദ്ധന്മാരെ ഒരുക്കുവാനാണ് അങ്ങനെ വിശുദ്ധന്മാർക്കു ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുവാൻ കഴിയും. ദൈവം ആഗ്രഹിക്കുന്നത് എല്ലാ വിശ്വാസികളും ദൈവരാജ്യത്തിലെ ശുശ്രൂഷക്കാർ ആയിരിക്കണമെന്നാണ്

**"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിനു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു"** (കൊലൊസ്യർ 1:28).

പാസ്റ്ററന്മാർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിന്റെ കാരണം വിനോദിപ്പിക്കുവാനല്ല എന്നാൽ വിശ്വാസികളെ ക്രിസ്തുവിൽ സമ്പൂർണ്ണരായി കാഴ്ചവയ്ക്കുന്നതിനാണ്. തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് 'teleios' എന്നാണ് – ഒരു പൂർണ്ണവളർച്ച പ്രാപിച്ച മനുഷ്യൻ. നമ്മുടെ ലക്ഷ്യം എല്ലാ വിശ്വാസികളെയും ഒരു പക്വതയുടെ സ്ഥലത്തു കൊണ്ടുവരിക എന്നാണ് – ക്രിസ്തുവിൽ പൂർണ്ണവളർച്ച പ്രാപിക്കുന്നതിന്. നമ്മൾ ശിശുക്കളെ ക്രിസ്തുവിൽ സ്വാഗതം ചെയ്യുന്നു. എന്നാൽ അവർ ആ വഴിയിൽതന്നെ വസിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. പാസ്റ്ററുടെ ചുമതല എല്ലാ വ്യക്തികളെയും ക്രിസ്തുവിൽ പക്വതയുള്ളവരാക്കി കാഴ്ചവയ്ക്കുവാനാണ്. അതു ചെയ്യുന്നതിൽ നമ്മൾ തോൽവിയടഞ്ഞാൽ സഭയിലെ പാസ്റ്ററന്മാരും നായകന്മാരും എന്ന നിലക്കു നമ്മുടെ വിളിയിൽ നമ്മൾ തോൽവിയടയുകയാണ്

## ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പൂർത്തിയാക്കപ്പെടേണ്ട കാര്യങ്ങൾ

ഉണ്ട് ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പൂർത്തീകരിക്കപ്പെട്ടുകാണുവാൻ പാസ്റ്ററന്മാർ ആഗ്രഹിക്കേണ്ട നാലു കാര്യങ്ങൾ ഉണ്ട്. വളർച്ചയും വികസനവും കാണുന്നതിന് അവർ ആഗ്രഹിക്കണം.

- വചനം

സഭയിലെ എല്ലാ വ്യക്തികളും വചനത്തിൽ ശക്തരായിത്തീർന്നു കാണുവാൻ പാസ്റ്ററന്മാർ ആഗ്രഹിക്കണം

- ആത്മാവ്

പാസ്റ്ററന്മാർ ആഗ്രഹിക്കണം സഭയിലെ എല്ലാ വ്യക്തികളും ആത്മാവിൽ ശക്തരായിത്തീർന്ന് കാണുവാൻ

- ക്രിസ്തുവിനെപ്പോലെയുള്ള സ്വഭാവഗുണം

സഭയിലെ എല്ലാ വ്യക്തികളും ക്രിസ്തുവിനെപ്പോലെ സ്വഭാവ ഗുണം വികസിപ്പിച്ചു കാണുവാൻ പാസ്റ്ററന്മാർ ആഗ്രഹിക്കണം

- ശുശ്രൂഷ

സഭയിലെ എല്ലാ വ്യക്തികളും ശുശ്രൂഷക്കു ഒരുക്കപ്പെട്ട് കാണുവാൻ പാസ്റ്ററന്മാർ ആഗ്രഹിക്കണം.

**"ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല"** (ഗലാത്യർ 1:10).

പാസ്റ്ററന്മാരായും ദൈവത്തിന്റെ ശുശ്രൂഷകന്മാരായും വിളിക്കപ്പെട്ടിരിക്കുന്നതിന്റെ പരിമാണം ഗ്രഹിക്കുക. ഗലാത്യർ 1:10 അനുസരിച്ച്, നമ്മൾ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ നമുക്കു ദൈവത്തിന്റെ ശുശ്രൂഷകന്മാർ ആയിരിക്കുവാൻ കഴിയത്തില്ല. പാസ്റ്ററന്മാർ എന്ന നിലക്കു നമ്മൾ ഇവിടെ ആയിരിക്കുന്നത് ജനങ്ങളെ സന്തോഷിപ്പിക്കുവാനല്ല. അതുകൊണ്ട് നിങ്ങളെ സന്തോഷിപ്പിക്കുവാനാണ് സഭയിൽ വന്നിരിക്കുന്നതെങ്കിൽ, നിങ്ങൾ തെറ്റായ സ്ഥലത്താണ് വന്നിരിക്കുന്നത് എന്തുകൊണ്ടെന്നാൽ നമ്മൾ മനുഷ്യരെ മാത്രം ആണ് പ്രസാദിപ്പിക്കുന്നതെങ്കിൽ, നമുക്കു ദൈവത്തിന്റെ ശുശ്രൂഷകന്മാർ ആയിരിക്കുവാൻ കഴിയത്തില്ല. ഞങ്ങളുടെ ലക്ഷ്യം നിങ്ങളെ പണിയുവാനാണ് നിങ്ങളെ സന്തോഷിപ്പിക്കുവാൻ മാത്രം അല്ല. എന്നാൽ പ്രക്രിയയിൽ, നിങ്ങൾക്കു സന്തോഷം ലഭിച്ചേക്കാം അതു ഒരു ഉപോൽപന്നം മാത്രം ആയിരിക്കും! നിങ്ങൾ പാസ്റ്ററെ സ്നേഹിക്കുവാൻ കൂടി തുടങ്ങിയേക്കാം, സംഘംചേരലിനെയും എന്നാൽ അവ വസ്തുനിഷ്ഠമായവകൾ അല്ല. ഞങ്ങളുടെ വസ്തുനിഷ്ഠമായത് ക്രിസ്തുവിൽ നിങ്ങളെ സമ്പൂർണ്ണരാക്കി കാഴ്ചവയ്ക്കുവാനാണ്. നമ്മൾ മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകുന്ന ദിവസത്തിൽ നമ്മൾ ദൈവത്തിന്റെ ശുശ്രൂഷകന്മാരായിരിക്കുന്നത് അവസാനിപ്പിക്കുകയാണ്.

- ഇടയന്മാർ എന്ന നിലക്കു ദൈവത്തിന്റെ സ്വന്ത ഹൃദയത്തിനുശേഷം പാസ്റ്ററന്മാരെ അർത്ഥമാക്കിയിരിക്കുന്നതു ദൈവത്തിന്റെ ജനങ്ങളെ തീറ്റിപ്പോറ്റുവാനാണ്, ആത്മികപരിജ്ഞാനവും വിവേകവും കൊണ്ടു, എഴുതപ്പെട്ട ദൈവവചനത്തിൽനിന്നും അല്ലാതെ വേറെ യാതൊരു ഉറവിടത്തിൽനിന്നും അല്ല.
- പാസ്റ്ററെ അർത്ഥമാക്കിയിരിക്കുന്നത് ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുവാനല്ല - നിങ്ങളാണ് സങ്കൽപിതമായിരിക്കുന്നത്! നിങ്ങൾ ഒരു ശുശ്രൂഷക്കാരനാണ്.
- പാസ്റ്ററന്മാർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിന്റെ കാരണം വിനോദിപ്പിക്കുവാനല്ല, എന്നാൽ വിശ്വാസികളെ ക്രിസ്തുവിൽ സമ്പൂർണ്ണരായി കാഴ്ചവയ്ക്കുന്നതിനാണ്.

# 2

# നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?

താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പ്രയോഗിക്കുക പരിഗണനകൊണ്ടു പാസ്റ്റർ മാത്രമല്ല എന്നൽ സഭയിലെ നിങ്ങൾക്കു സേവനം ചെയ്യുന്ന സഭാ അധികാരഗണത്തിനും കൂടിയാണ്.

## നിങ്ങളുടെ പാസ്റ്ററുടെ സാക്ഷ്യം കാക്കുവാൻ സഹായിക്കുക

**"എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം"** (1 തിമൊഥെയൊസ് 3:2).

**"മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർനടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുത്"** (തീത്തോസ് 1:6–7).

1 തിമൊഥെയൊസ് 3:2ൽ പ്രകാരം ഒരു ആത്മീയാദ്ധ്യക്ഷൻ "നിരപവാദ്യനായിരിക്കേണം." തിരുവെഴുത്ത് തുടർന്നു പ്രസ്താവിക്കുന്നു ദൈവത്തിന്റെ ഒരു പുരുഷനും സ്ത്രീക്കും ആവശ്യമായിരിക്കേണ്ട മറ്റെല്ലാ ആവശ്യകോപാധികൾ. ഒരു ആത്മീയ നായകന്റെ, ദൈവം ചോദിക്കുന്ന ആവശ്യകോപാധി അവൻ കുറ്റമില്ലാത്തവനായിരിക്കേണം എന്നുള്ളതാണ്, അത് അർത്ഥമാക്കുന്നത് ആരും അവന്റെ നേരെ ഒരു വിരൽ ചൂണ്ടാതിരിക്കണം എന്നാണ്, കുറ്റപ്പെടുത്തുകയുമരുത്. നായകന്റെ സാക്ഷ്യം നിരുപാധികമായി കുറ്റമറ്റതായിരിക്കണം.

നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?

**"ശുശ്രൂഷക്കു ആക്ഷേപം വരാതിരിക്കേണ്ടതിനു ഞങ്ങൾ ഒന്നിലും ഇടർച്ചക്കു ഹേതു കൊടുക്കാതെ സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു. ബഹുസഹിഷ്ണുത, കഷ്ടം, ബുദ്ധിമുട്ട്"** (2 കൊരിന്ത്യർ 6:3-4).

"ഒന്നിലും ഇടർച്ചക്കു ഹേതു കൊടുക്കാതെയിരിക്കുന്നത്" ദൈവം വിളിച്ചിരിക്കുന്ന പാസ്റ്ററന്മാർക്കും അധികാരഗണത്തിനും ഉണ്ടായിരിക്കേണ്ട പരിമാണം ആണ്. നമ്മൾ കുറ്റമില്ലാത്ത ഒരു ജീവിതം ജീവിക്കേണ്ടതു ആവശ്യമാണ് - നമ്മൾ ശുശ്രൂഷ നിർവഹിക്കണം ഇതുപോലെയുള്ള ഒരു വഴിയിൽ, നമ്മൾ ഒന്നിലും ഇടർച്ച കൊടുക്കരുത്, അങ്ങനെ നമ്മുടെ ശുശ്രൂഷയെ കുറ്റപ്പെടുത്താൻ കഴിയത്തില്ല. ഇതു ചെയ്യുന്നതിനു നിങ്ങളുടെ സഹായം ഞങ്ങൾക്കു ആവശ്യമാണ്.

**"അനവധിസമ്പത്തിലും സൽകീർത്തിയും വെള്ളിയിലും പൊന്നിലും കൃപയും നല്ലത്"** (സദൃശവാക്യങ്ങൾ 22:1).

നിങ്ങളുടെ പാസ്റ്ററുടെ സാക്ഷ്യം കാക്കുവാനുള്ള ചില ഉദാഹരണങ്ങൾ നമുക്കു പരിഗണിക്കാം.

- നിങ്ങൾ ഒരു സ്ത്രീ ആണെങ്കിൽ ദയവായി നിങ്ങളുടെ പാസ്റ്ററിനെ അദ്ദേഹത്തിന്റെ ഓഫീസിൽ സന്ധിക്കുക, മറ്റെല്ലാവരും അവിടെ സന്നിഹിതരായിരിക്കുമ്പോൾ. അസാധാരണമായ സ്ഥലത്തും സമയത്തും നിങ്ങളുടെ പാസ്റ്ററിനെ സന്ധിക്കുന്നതിനു ചോദിക്കരുത്. നിങ്ങൾക്കു വളരെ വാസ്തവമായ ഒരു ആവശ്യം ഉണ്ടായിരിക്കാം എന്നാൽ നിങ്ങളുടെ പാസ്റ്ററിനു അദ്ദേഹത്തെ അസാധാരണമായ സ്ഥലത്തു സന്ധിക്കുവാൻ ചോദിച്ചുകൊണ്ട് അസൗകര്യം വരുത്തരുത്. ഇതു ഒരു കാഴ്ചക്കാരനു എങ്ങനെയാണു പ്രത്യക്ഷമാകുന്നതെന്നു പരിഗണിക്കുക - പാസ്റ്റർ ഒരു പരസ്യമായ സന്ധിക്കുന്ന സ്ഥലത്തായിരിക്കാം ഒരു സ്ത്രീയെ ഒരു കപ്പു കാപ്പിയിന്മേൽ ഉപദേശിക്കുന്നത്. എന്നാൽ പാസ്റ്ററെ അറിയാവുന്ന ജനങ്ങൾ ഇതു കാണുകയാണെങ്കിൽ അവർ അതിശയിച്ചേക്കും ഒരു സഭയുടെ

പാസ്റ്റർ, വിവാഹം കഴിച്ചു കുട്ടികളും ഉള്ളവൻ, വേറൊരു സ്ത്രീ യുമായി തനിച്ചു ചെയ്യുന്നത്. ഉപദേശത്തിന്റെ സമ്മേളനം കുറെ സമയം കൂടി വ്യാപിപ്പിച്ചു എന്നു സമ്മതിച്ചതായി കണക്കാക്കുക. അപ്പോൾ പാസ്റ്ററുടെ സാക്ഷ്യം ഒന്നുകൂടി അപകടസാദ്ധ്യത ഉണ്ടാകുന്നതായിരിക്കും. അനപേക്ഷ്യമായി നിങ്ങളുടെ പ്രശ്നം എത്ര ഗൗരവമായിരുന്നാലും, പാസ്റ്ററെ ഓഫീസിൽ പോയി സന്ധിക്കുന്നതാണ് യഥോചിതമായതു അല്ലാത്തപക്ഷം ഒരു ദൈവത്തിന്റെ മനുഷ്യന്റെ സാക്ഷ്യം നിങ്ങൾ നശിപ്പിക്കുകയായിരിക്കാം.

- നിങ്ങൾ ഒരു സ്ത്രീ ആണെങ്കിൽ ഇതു എല്ലായ്പ്പോഴും വളരെ നല്ലതായിരിക്കും ഒരു സ്ത്രീ ശുശ്രൂഷകയുടെയോ / സഭയിലെ ഒരു സ്ത്രീ നായികയുടെയോ സഹായം തേടുന്നത്.
- പാസ്റ്ററിന്റെയോ സഭയുടേതോ ചില കാര്യങ്ങൾ നിങ്ങൾ നൂറു ശതമാനവും തീർച്ചയല്ലെങ്കിൽ പറയുകയും അവകാശപ്പെടുകയും ചെയ്യരുത്. നിങ്ങൾ എന്താണ് പറയുവാൻ പോകുന്നത് എന്നതിനെക്കുറിച്ചു നിങ്ങൾ മുഴുവനായും തീർച്ചയല്ലെങ്കിൽ, അപ്പോൾ അതു പറയരുത്. ഉദാഹരണമായി, നിങ്ങളുടെ പാസ്റ്റർ അമേരിക്കയിലാണു ജീവിച്ചിരുന്നതെങ്കിൽ, ഇൻഡ്യയിൽ തിരിച്ചെത്തിയെങ്കിൽ, ശുശ്രൂഷയുടെ നിക്ഷേപത്തിനു അവിടെനിന്നും ഡോളർ വരുന്നുവെന്നു കൈക്കൊള്ളരുത്. സത്യത്തെക്കുറിച്ചു പൂർണ്ണമായി നിസ്സംശയമായിരിക്കുക അവകാശം എടുക്കുന്നതിനുമുമ്പെ! ഞങ്ങളുടെ സഭയുടെ കാര്യത്തിൽ ഉപയോഗിക്കുന്ന പണത്തിന്റെ 99 ശതമാനവും ഇൻഡ്യയിൽ നിന്നുമാണ് – ദശാംശങ്ങളിലൂടെയും സ്തോത്രകാഴ്ചകളിലൂടെയും ഞങ്ങളുടെ സഭയുടെ സംഭാവനകളിലൂടെയുമാണ്. ഞങ്ങളെ സഹായിക്കുന്നതായ വേറെ ഒരു സഭയും ലോകത്തിന്റെ ഒരു ഭാഗത്തു നിന്നും ഇല്ല.
- നിങ്ങളുടെ പാസ്റ്ററോ സഭയോ എന്താണ് ചെയ്യുന്നത് അത് ഉള്ളതിലും വലുതാക്കിപ്പറയരുത്. ഉദാഹരണമായി, നിങ്ങളുടെ

സഭ കുട്ടികൾക്കായിട്ടുള്ള ഒരു ഭവനം നടത്തുന്നുവെങ്കിൽ, അതു എട്ടു കുട്ടികളെ സംരക്ഷിക്കുന്നുവെങ്കിൽ, ഉള്ളതിലും വലുതാക്കിപ്പറയരുത് "അനേകം കുട്ടികളെക്കൊണ്ട് സഭ ഒരു ഓർഫനേജ് നടത്തുന്നുവെന്ന്."

## നിങ്ങളുടെ പാസ്റ്ററുടെ സമയം കാക്കുവാൻ സഹായിക്കുക

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ"** (എഫെസ്യർ 5:15–16).

എഫെസ്യർ 5:16 നമ്മളോടു നടക്കുവാൻ പറയുന്നു "സമയം വീണ്ടെടുത്തുകൊണ്ട്"– ലഭ്യമായ എല്ലാ നിമിഷവും പിടിച്ചടക്കിക്കൊണ്ട്, നല്ല ഉപയോഗത്തിനു പ്രയോഗിച്ചുകൊണ്ട്. സമയം ഒരു കൂടുതൽ വിലയുള്ളതാണ് വളരെ പ്രധാനപ്പെട്ടതാണ് നമുക്കു എല്ലാവർക്കുംവേണ്ടി. ഞങ്ങളുടെ സഭയിൽ, ഞങ്ങളുടെ സഭാ അധികാരഗണം ഒരു ആഴ്ചയിൽ 40 മണിക്കൂർനേരം ജോലിചെയ്യേണ്ടതായിട്ടുണ്ട്. നിങ്ങളുടെ പാസ്റ്ററെയും സഭാ അധികാരഗണത്തെയും നിങ്ങൾക്കു സഹായിക്കുവാൻ കഴിയും അവരുടെ സമയം കാത്തുകൊണ്ട്.

- പതിവായ ഓഫീസ് സമയങ്ങളിൽ നിങ്ങളുടെ പാസ്റ്ററെ ദയവായി സന്ധിക്കുക. പാസ്റ്റർ ഓഫീസിൽ 8.30a.m മുതൽ 6.30p.m വരെയുള്ള സമയത്താണ് ഉള്ളതെങ്കിൽ, 7.30p.m വരെ ഓഫീസിൽ ഇരിക്കുവാൻ പാസ്റ്ററോട് അപേക്ഷിക്കരുത്, നിങ്ങൾക്കു അത് സൗകര്യം ആയിരിക്കാം നിങ്ങളുടെ ജോലി തീർത്തിട്ട് അദ്ദേഹത്തെ സന്ധിക്കുവാൻ. ചില സമയങ്ങളിൽ പാസ്റ്ററന്മാർ കൂടുതൽ സമയം ഇരുന്നു ജനങ്ങളെ സന്ധിക്കാറുണ്ട് എന്നാൽ ദയവായി മനസ്സിലാക്കണം അവർക്കും കൂടെ കുടുംബം ഉണ്ടെന്നും തിരിച്ചു പോകണമെന്നും. ഓർക്കുക നിങ്ങൾക്കു ഒരു ഡോക്ടറെ സന്ധിക്കുവാൻ ആവശ്യമാകുമ്പോൾ, സാധാരണയായി ഡോക്ടർ തന്ന സമയം പാലിക്കുവാൻ നിങ്ങൾ നിർബന്ധിതനാണ്,

നിങ്ങൾ ഒരു ദിവസത്തെ ഒഴിവ് എടുത്തേക്കും ഡോക്ടറെ കാണുന്നതിന്. അതെ പരിഗണനനയോടെ നിങ്ങളുടെ പാസ്റ്ററെയും കരുതുക. നിങ്ങൾക്കു ആത്മികമായ ഒരു ആവശ്യം ഉണ്ടെങ്കിൽ, നിങ്ങളുടെ പാസ്റ്ററെ പോയി സന്ധിക്കുവാൻ ഗൗരവമേറിയതാണെങ്കിൽ, നിങ്ങൾ ഒരു ദിവസത്തെ ഒഴിവ് എടുത്തേക്കാം അല്ലെങ്കിൽ ആവശ്യമായ ക്രമീകരണം ഉണ്ടാക്കണം അങ്ങനെ പാസ്റ്ററെ കാത്തിരിക്കുവാൻ അനുവദിക്കാതെ.

- നിങ്ങൾക്കു ഒരു ആശയം ഉണ്ടെങ്കിൽ അതു നടപ്പാക്കുന്നതിന് നിങ്ങളുടെ പാസ്റ്ററോടു പറയരുത്! നിങ്ങളുടെ പാസ്റ്റർ ആശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും തുറക്കപ്പെട്ടവനായിരിക്കാം എന്നാൽ നിങ്ങൾക്കു ഒരു ശുശ്രൂഷയുടെ ആശയം ഉണ്ടെങ്കിൽ, നിങ്ങളുടെ പാസ്റ്റർ നിങ്ങളുടെ  ആശയം നിർവ്വഹിക്കുമെന്ന് പ്രതീക്ഷിക്കരുത്. പതിവായി ജനങ്ങൾ ആശയങ്ങളുംകൊണ്ട് പാസ്റ്ററുടെ അടുക്കൽ വരാറുണ്ട് എന്നിട്ടു നിർബന്ധിക്കും ഒരു പ്രത്യേക ശുശ്രൂഷ ആരംഭിക്കുന്നതിന് പാസ്റ്ററെ ദൈവം നയിക്കുന്നുവെന്ന്. നിങ്ങളുടെ ഹൃദയത്തിൽ ശക്തമായ ഒരു പ്രചോദിപ്പിക്കൽ ഉണ്ടെങ്കിൽ, തീർച്ചയായും നിങ്ങൾ അതു ആരംഭിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, അങ്ങനെ ചെയ്യുന്നതിന് നിങ്ങൾ മുൻകൈ എടുക്കണം, പാസ്റ്ററുടെ അനുവാദത്തോടെ.

- പുസ്തകം പുനർവിചാരണകൾ ചെയ്യുന്നതിന് ദയവായി പാസ്റ്ററോടു ആവശ്യപ്പെടരുത്. നിങ്ങൾ അറിഞ്ഞിരിക്കണം, അദ്ദേഹത്തിനു ഭവനത്തിൽ പുസ്തകങ്ങൾ ഉണ്ടെന്നും അദ്ദേഹം അതു വായിച്ചിട്ടില്ലെന്നും എന്തുകൊണ്ടന്നാൽ അദ്ദേഹത്തിനു അതിനു സമയം ഇല്ലാതിരുന്നെന്നും!

- ചെയ്യുവാൻ നിങ്ങളുടെ പാസ്റ്ററോടു ദയവായി ആവശ്യപ്പെടരുത് വ്യവസായങ്ങൾ പ്രത്യേകാഭ്യാസം ചെയ്യുന്നതിന്, ഉദാഹരണമായി വിവാഹദല്ലാൾ ചെയ്യുന്നത്, റിയൽ എസ്റ്റേറ്റു അങ്ങനെ മറ്റു പലതും. നിങ്ങൾ ഒരു സ്ഥലത്തേക്കു മാറി കേന്ദ്രീകരിക്കു

കയാണെങ്കിൽ, പ്രാദേശികസഭയിലെ പാസ്റ്ററോടു എഴുതി ചോദിക്കരുത്, നിങ്ങൾക്കു ഒരു സ്ഥലം കണ്ടുപിടിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിന്. പാസ്റ്ററന്മാർ നിങ്ങൾക്കു ശുശ്രൂഷ ചെയ്യുവാൻ അവിടെ ഉണ്ടെന്നുവരികിൽപോലും നിങ്ങൾക്കു താമസസ്ഥലം കണ്ടുപിടിക്കുവാൻ പ്രതീക്ഷിക്കുന്നത് അതിദൂരത്തിൽ എടുക്കുന്നതിന് കഴിയും. നിങ്ങൾക്കു അനുയോജ്യമായ ഒരു ജീവിതപങ്കാളിയെ കണ്ടുപിടിക്കുവാൻ നിങ്ങളുടെ പാസ്റ്ററുടെമേൽ സമ്മർദ്ദം ചെലുത്തരുത്. പാസ്റ്ററുടെ നോട്ടത്തിൽ ആരെങ്കിലും അനുയോജ്യരായി അവിടെ ഉണ്ടെന്ന് തോന്നിയാൽ ആ വ്യക്തിയെപ്പറ്റി പാസ്റ്റർ അഭിപ്രായം പറയും എന്നാൽ പാസ്റ്ററുടെമേൽ സമ്മർദ്ദം ചെലുത്തരുത്

## നിങ്ങളുടെ പാസ്റ്ററുടെ കുടുംബത്തെ കാക്കുവാൻ സഹായിക്കുക

“യേശു അവരോട്: ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറി പ്പോകും എന്നു എഴുതിയിരിക്കുന്നുവല്ലോ” (മത്തായി 26:31. സെഖര്യാവ് 13:7ൽ നിന്നും എടുത്തു പറയുന്നത്).

ശത്രുവിന് ഇടയനെ വെട്ടുവാൻ കഴിയുമെങ്കിൽ അവനു ആടു കളെ ചിതറിക്കുവാനും കഴിയും. അനേക ജനങ്ങളും ചിന്തിക്കു ന്നതു ശുശ്രൂഷ വളരെ മോഹിപ്പിക്കുന്നതാണെന്നാണ് – മിക്ക വാറും എന്തുകൊണ്ടെന്നാൽ എല്ലാ ഞായറാഴ്ചയും പാസ്റ്റർക്കു പ്രസംഗിക്കുവാൻ 50 മിനിട്ടുകൾ ലഭിക്കുന്നു എന്നിട്ടു സംഘം ചേരൽ അദ്ദേഹത്തെ ശ്രദ്ധിക്കുന്നു. അനേക ബുക്കുകളുടെ രചയി താവാകുവാൻ അദ്ദേഹത്തിനു ലഭിക്കുന്നു, അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ ടേപ്പും സിഡിയും വിൽക്കുന്നു. ദൈവത്തിന്റെ ശുശ്രൂഷകന്മാർ മുൻനിരയിലുള്ള ശുശ്രൂഷയിൽ നിങ്ങളെ നയിക്കു ന്നവർ കടുത്ത പൈശാകിമായ ആക്രമണങ്ങൾക്കു മുഖ്യമായ ഉന്നം ആണെന്നുള്ളതു ഗ്രഹിക്കണം. പിശാചിന്റെ ഉദ്ദേശ്യം ഇടയ നെ അടിച്ചു നിലംപറ്റിക്കുക എന്നതാണ് അതിനാൽ ആടുകളെ

നശിപ്പിക്കുവാനും. പാസ്റ്ററന്മാരും ദൈവത്തിന്റെ ശുശ്രൂഷകന്മാരും കൂടുതലായി കടുത്ത പോരാട്ടങ്ങളിലൂടെ കടന്നുപോകുന്നു, സാധാരണ വിശ്വാസികളേക്കാളും. അതുകൊണ്ട് നിങ്ങളെ ശുശ്രൂഷിക്കുന്ന പാസ്റ്ററന്മാർക്കും ശുശ്രൂഷകന്മാർക്കും നിങ്ങൾക്കു കൊടുക്കുവാൻ കഴിയുന്ന ഏറ്റവും വലിയ ദാനം, പതിവായി അവർക്കുവേണ്ടിയും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക എന്നതാണ് – നിങ്ങളുടെ പ്രാർത്ഥനകൾ അവർക്ക് ആവശ്യമാണ്. അവരെ കാക്കുവാൻ അവർക്കു ചുറ്റും നിൽക്കുക. നിങ്ങളുടെ പ്രാർത്ഥനകളിലൂടെ അവർക്കു ചുറ്റും ഒരു പരിച ഇടുക. പിശാചിനോട് പറയുക, "എന്റെ പാസ്റ്ററുടെമേൽ ആ അമ്പു നിനക്കു അയയ്ക്കണമെങ്കിൽ നീ എനിക്കു മുമ്പിലായി പോകണം. ഞാൻ അവിടെ നിൽക്കുന്നുണ്ട്!" ഒരു സഭയിലെ മുഴുവൻ ജനങ്ങളും പാസ്റ്റർക്കുവേണ്ടിയും ശുശ്രൂഷകന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുവെങ്കിൽ, അവരെയും അവരുടെ കുടുംബങ്ങളെയും ശുശ്രൂഷിക്കുന്ന അവിടെ ശക്തമായ ഒരു സഭ ഉണ്ടായിരിക്കും എന്തുകൊണ്ടെന്നാൽ നായകന്മാർ നല്ലതുപോലെ പരിപാലിക്കപ്പെടും ഇടയന്മാരെ ആക്രമിക്കുന്നതിന് പിശാചിന് ചെയ്യുവാൻ കഴിയുന്നയാതൊന്നും അവിടെ ഉണ്ടായിരിക്കുകയില്ല.

## നിയോഗിക്കപ്പെട്ട നായകത്വത്തെ ബഹുമാനിച്ച് അവരോടുകൂടെ പ്രവർത്തിക്കുക

- നിങ്ങളുടെ പാസ്റ്റർക്ക് എല്ലാക്കാര്യങ്ങളും ചെയ്യുവാൻ കഴിയത്തില്ല. അതുകൊണ്ട് പലതരത്തിലുള്ള ശുശ്രൂഷകളുടെ ചുമതല നിയോഗിച്ചിരിക്കുന്നത് വേറെ അനേക നായകന്മാർക്കാണ്. നിങ്ങൾക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം അവരെ ബഹുമാനിച്ച് അവരോട് സഹകരിച്ച് പ്രവർത്തിക്കുക എന്നതാണ്. നിങ്ങൾ പാസ്റ്ററെ സഹായിക്കുകയായിരിക്കും നിങ്ങൾ നിയോഗിക്കപ്പെട്ട നായകത്വത്തെ ബഹുമാനിക്കുകയാണെങ്കിൽ, സഭയിൽ ആക്കി വച്ചിരിക്കുന്ന അവരെ. ഉദാഹരണമായി, അവിടെ അംഗങ്ങളെ കരുതുന്ന പാസ്റ്റർ ഉണ്ടായിരി

ക്കാം, കുട്ടികളുടെ സഭാ പാസ്റ്റർ, സെൽ പാസ്റ്റർ, യുവജനങ്ങളുടെ പാസ്റ്റർ, ആരാധനാടീമിന്റെ നായകൻ അങ്ങനെ മറ്റു പലതും. നിങ്ങൾക്കു ഒരു ഉൽക്കണ്ഠയുണ്ടെങ്കിൽ അതു സംബോധന ചെയ്യുവാൻ ആവശ്യമെങ്കിൽ ആ പ്രദേശത്തുള്ള ശുശ്രൂഷയുടെ നായകനെ ഒഴിഞ്ഞുമാററുത്, നേരെ പാസ്റ്ററുടെയടുക്കൽ എത്തിചേരുവാൻ ശ്രമിക്കുകയുമരുത്.

പല തരത്തിലുള്ള ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള നായകന്മാരെ മാനിക്കുക. വാദവിഷയങ്ങൾ നേരെ അവരുടെ അടുക്കൽ കൊണ്ടുവരിക എന്നിട്ട് അത് കൈക്കാര്യം ചെയ്യുന്നതിന് അവരെ അനുവദിക്കുക. ഒരു പ്രത്യേകമായ ശുശ്രൂഷയുടെ ഒരു നായകന് അനുഭവം ഇല്ലെന്ന് വിചാരിക്കരുത്. പ്രശ്നങ്ങൾ പരിഹരിക്കുവാൻ നിങ്ങൾ അവർക്കു അവസരം കൊടുക്കാതെയിരിക്കുമ്പോൾ അവർക്കു ആവശ്യമായ വലിയ അനുഭവത്തെ നിങ്ങൾ കൊള്ളയടിക്കുകയാണ്. ഓർക്കുക, പാസ്റ്റർക്കു ശുശ്രൂഷയുടെ നായകന്മാരിൽ പൂർണ്ണ ആത്മവിശ്വാസം ഉണ്ട്, നിങ്ങളെ കേൾക്കുന്നതിനു മുമ്പെ പാസ്റ്റർ അവരെ കേൾക്കും.

**“നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക. മെതിക്കുന്ന കാളക്കു മുഖക്കൊട്ട കെട്ടരുത് എന്നു തിരുവെഴുത്ത് പറയുന്നു; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനെന്നും ഉണ്ടല്ലോ. രണ്ടു മൂന്ന് സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുത് ”** (1 തിമൊഥെയൊസ് 5:17-19).

## സഭയുടെ വിളിയും ദർശനവുമായി ഒഴുകുക

**“രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ?** (ആമോസ് 3:3)

**“ഒരു വീട് തന്നിൽതന്നെ ഛിദ്രിച്ചു എങ്കിൽ ആ വീട്ടിനു നിലനിൽപ്പാൻ കഴികയില്ല”** (മർക്കൊസ് 3:25).

- ഒരു പ്രാദേശികസഭയുടെ ഭാഗമായിട്ടുള്ള എല്ലാവരും ആ സഭമേൽ ഉള്ള ദൈവത്തിന്റെ വിളിയും ദർശനവുമായി ഒഴുകണം.

ഓരോ പ്രാദേശിക സഭയ്ക്കും ഒരു പ്രത്യേകമായ വിളി ഉണ്ടായിരിക്കും, എല്ലാ അംഗങ്ങളും ആ വിളിയുമായി ഒഴുകുവാൻ പഠിക്കണം. ഉദാഹരണമായി ഒരു പ്രാദേശിക സഭയുടെ ദർശനം ഒരു സെൽ സഭ ആയിരിക്കുവാനാണെങ്കിൽ, അംഗങ്ങൾക്കു പറയുവാൻ കഴിയത്തില്ല, അവർക്കു സെൽഗ്രൂപ്പ് ഇഷ്ടമല്ലെന്നും എന്നിട്ടു ഏതെങ്കിലും സെൽഗ്രൂപ്പിന്റെ ഭാഗം ആയിത്തീരത്തില്ലെന്നും. ഇതു സഭ സംഘടിതമായി ചെയ്യുന്നതാണ്. എല്ലാവരും ഉൾപ്പെട്ടിരിക്കണം.

- ദൈവം തന്റെ ഉദ്ദേശ്യം ഒരു സഭക്കുവേണ്ടി പ്രദർശിപ്പിക്കുന്നതുപോലെ അവർ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾക്കു ദൈവം പുതിയ കാര്യങ്ങൾക്കു ജന്മം കൊടുക്കും. അതുകൊണ്ട് പാസ്റ്റർക്കും ശുശ്രൂഷാനേതാക്കന്മാർക്കും സഹായിക്കുന്നവരായിരിപ്പിൻ. ദൈവം സഭയെ നയിക്കുന്നതായ മാറ്റങ്ങൾക്കും പുതിയ കാര്യങ്ങൾക്കും ചെറുത്തുനിൽക്കരുത്. ഒരുമിച്ചു ഒഴുകുക ശരീരത്തോടുകൂടെ, ഒരേ ദിശയിൽ നീങ്ങുന്നത് നായകന്മാരെ താങ്ങുന്നത്.

- നിങ്ങൾ ഒരു സഭ സന്ദർശിക്കുമ്പോൾ നിങ്ങൾക്കു ഒരു മുൻവിധി ഉണ്ടാക്കിയ ആശയം ഉണ്ടായിരിക്കാം ആ സഭ എങ്ങനെ ആയിരിക്കുമെന്ന്. ആ ആശയം നിങ്ങളെ തടസ്സപ്പെടുത്തിയേക്കും സഭയുടെ ദർശനത്തോടുകൂടെ ഒഴുകുന്നതിൽനിന്നും. അതുകൊണ്ട് നിങ്ങളുടെ വ്യക്തിപരമായ കാര്യപരിപാടി മാറ്റി വയ്ക്കേണ്ടതു ആവശ്യമാണ് എന്നിട്ടു സഭ എവിടേക്കാണോ വഴി കാണിക്കുന്നത് അവിടേക്കു ഒഴുകുക.

- സഭക്കു കാലതാമസം വയ്ക്കരുത്. എന്തെങ്കിലും കിട്ടുന്നേടത്തോളം സഭയിൽ പോകുന്ന ഒരുവനെപ്പോലെ ആകരുത്, നിങ്ങളെ സന്തോഷത്തോടെ വയ്ക്കുന്നേടത്തോളം. സഭ നിങ്ങളെ സന്തോഷത്തോടെ വയ്ക്കാത്ത ദിവസം വേറെ എവിടെയെങ്കിലും പോകുവാൻ നിങ്ങൾ തീരുമാനം എടുക്കുന്ന ദിവസം ആകരുത്. നിങ്ങൾക്കു എന്താണ് സ്വീകരിക്കുവാൻ

കഴിയുന്നത് അതിനായി കേവലം നോക്കരുത്. നിങ്ങൾ സ്വീകരിക്കുന്നേടത്തോളം കൊടുക്കുക. കൂടുതലായിട്ടു അല്ലെങ്കിലും. യേശു പറഞ്ഞു വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം ആണെന്നു (അപ്പൊ. പ്രവൃത്തികൾ 20:35). നിങ്ങൾ സഭയിൽനിന്നും തീർച്ചയായും സ്വീകരിക്കും - പരിജ്ഞാനവും വിവേകവും, നിങ്ങൾ പക്വതയുള്ളവരാകും ഒരു സ്ഥലത്ത് കൊണ്ടുവരും അവിടെ നിങ്ങൾ ക്രിസ്തുവിൽ പൂർണ്ണമായി വളരപ്പെട്ടവരായി.

## സഭയുടെ പഠിപ്പിക്കലിലും വിശ്വാസത്തിലുമായി ഒഴുകുക.

**"സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു"** (1 കൊരിന്ത്യർ 1:10).

- ഒരു സഭയുടെ വിശ്വാസവും പഠിപ്പിക്കലും "വിശ്വാസത്തിന്റെ പ്രസ്താവനയിൽ" ആശയം പ്രകാശിപ്പിച്ചിരിക്കുന്നതുപോലെ സാധാരണയായി എഴുതപ്പെട്ടിട്ടുണ്ട് സഭ സ്ഥാപിക്കുന്നതിനു മുമ്പെ.
- ഒരു സഭയുടെ വിശ്വാസത്തിന്റെ പ്രസ്താവന "ചർച്ചചെയ്യാൻ" പാടില്ലാത്തതാണ്, ചർച്ചക്കുവേണ്ടി തുറക്കപ്പെടത്തില്ല.
- സഭയുടെ വിശ്വാസവും പഠിപ്പിക്കലും ദയവായി വായിച്ചു ഗ്രഹിക്കുക, സഭയുടെ ഭാഗം ആകുവാൻ നിങ്ങൾ തീരുമാനം എടുക്കുന്നതിനുമുമ്പെ.
- ഒരിക്കൽ നിങ്ങൾ പ്രാദേശിക സഭയുടെ ഭാഗം ആയി തീർന്നാൽ വിശ്വാസത്തിന്റെ പ്രസ്താവന മാറ്റുവാനുള്ള ശ്രമം എടുക്കരുത്. സഭയുടെ വിശ്വാസത്തിലും പഠിപ്പിക്കലിലും നിങ്ങൾ പൊരുത്തപ്പെടുന്നില്ലെങ്കിൽ, ഇവ രണ്ടിൽ, ഏതെങ്കിലും ഒന്നു ചെയ്യുവാൻ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട് - പഠിച്ച്

സഭയോടുകൂടെ വളരുക അല്ലെങ്കിൽ വേറൊരു സഭ കണ്ടുപിടിക്കുക. അവിടെത്തന്നെ നിൽക്കുന്നതിനു ഒരു നിർബന്ധവുമില്ല.

- വ്യക്തിപരമായ കുറ്റംചുമത്തൽ സഭയുടെ വിശ്വാസത്തോടും പഠിപ്പിക്കലിനോടും വ്യക്തികളോടും പൊരുത്തപ്പെടുന്നില്ലെങ്കിൽ ദയവായി സൂക്ഷിക്കുക. ഉദാഹരണമായി, സഭ പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് വേദപുസ്തകപരമായ പ്രമാണങ്ങളുമായി പൊരുത്തപ്പെടുന്നു എങ്കിൽ, അന്യഭാഷകളിൽ പ്രാർത്ഥിക്കുന്നത്, ദിവ്യമായ സൗഖ്യം അങ്ങനെ മറ്റുപലതും, സംഘംചേരലും അതുമായി പൊരുത്തപ്പെടണമെന്നാണ് പ്രതീക്ഷിക്കുന്നത്. നിങ്ങളുടെ വ്യക്തിപരമായ ദൃഢവിശ്വാസങ്ങൾ സഭയുടെ വിശ്വാസത്തോടും പഠിപ്പിക്കലിനോടും പൊരുത്തപ്പെടുന്നില്ലെങ്കിൽ സഭയെ അതിനായി ഉപയോഗിക്കരുത്. നിങ്ങളുടെ ആശയങ്ങളോടുകൂടെ നിൽക്കുവാൻ പാസ്റ്ററെയും ശുശ്രൂഷാനായകന്മാരെയും വിശ്വസിപ്പിക്കുവാൻ ദയവായി ശ്രമിക്കരുത്, അവർക്കു കത്തയച്ചുകൊണ്ടും ഇ-മെയിലും പുസ്തകങ്ങളും അവ വിശ്വാസത്തിന്റെ പ്രസ്താവനക്കു എതിരായത്.

## ഒരു ശുശ്രൂഷകൻ ആയിത്തീരുക

“അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനക്കും ആകുന്നു.

എഫെസ്യർ 4:11-13 പറയുന്നത് അഞ്ചുമടങ്ങ് ശുശ്രൂഷകൊടുത്തിരിക്കുന്നത് ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുന്നതിനു എല്ലാ

വിശുദ്ധന്മാരെയും ഒരുക്കുവാനാണ്. പാസ്റ്ററിന്റെ ആഗ്രഹം എല്ലാ വിശ്വാസിയും ദൈവത്തിന്റെ ഒരു ശുശ്രൂഷകനായിത്തീർന്നു കാണുവാനാണ്. അവിടെ നിങ്ങൾക്കു എത്തുന്നതിന് കുറച്ചു സമയം എടുത്തേക്കും എന്നാൽ പാസ്റ്ററന്മാരും നായകന്മാരും എന്ന നിലക്കു ഞങ്ങളുടെ ആഗ്രഹം നിങ്ങൾ അവിടെ എത്തണമെന്നാണ്. നിങ്ങൾ ഒരു സ്ഥലത്തു വരണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത് അവിടെ നിങ്ങൾ ദൈവത്തെ ചില ഉൾക്കൊള്ളാനുള്ള ശക്തിയിൽ ശുശ്രൂഷിക്കുവാൻ തുടങ്ങണം. നിങ്ങൾക്കു ഓരോരുത്തർക്കും ദാനങ്ങളും, ബുദ്ധിവൈഭവങ്ങളും കഴിവുകളും തന്നിട്ടുണ്ട്. ദൈവം നിങ്ങളിൽ വച്ചിരിക്കുന്ന ഗുപ്തധനങ്ങൾ ഉണ്ട്. ദൈവം നിങ്ങളിൽ കാര്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട് അതു നിങ്ങൾ ദൈവത്തിന്റെ രാജ്യത്തിനുവേണ്ടി ഉപയോഗിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. പാസ്റ്റർ കാണുവാൻ ആഗ്രഹിക്കുന്നത് സംഭവനീയമായതു നിങ്ങളിൽനിന്നും പുറത്തുവരണം എന്നാണ്. ദൈവത്തെ ശുശ്രൂഷിക്കുക എന്നിട്ടു ദൈവത്തിന്റെ ഒരു ശുശ്രൂഷക്കാരൻ ആയിത്തീരുക. നിങ്ങൾക്കു നല്ലതാണ് കുറച്ചു സമയം ഓട്ടുപാത്രത്തിൻമേൽ ഇരിക്കുന്നത്, എന്നാൽ ഒരിക്കൽ ഓട്ടുപാത്രം ചൂടാകുമ്പോൾ അതിൻമേൽനിന്നും ചാടിയിറങ്ങുക.

- ക്രിസ്തുവിന്റെ ശരീരത്തിൽ നിങ്ങൾക്കുവേണ്ടി ദൈവത്തിനു ഒരു പ്രത്യേക സ്ഥലമുണ്ട്. നിങ്ങളുടെ സ്ഥലം കണ്ടുപിടിക്കുക എന്നിട്ടു ദൈവം നിയോഗിച്ചു തന്നിരിക്കുന്ന പ്രവൃത്തികൾ ശരീരത്തിൽ നിവർത്തിക്കുക. നിങ്ങൾ സാധാരണ ഒരു സഭാംഗം അല്ല, നിങ്ങൾ ദൈവത്തിന്റെ ഒരു ശുശ്രൂഷകൻ ആണ്. ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങുക.

  **"ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറായി വച്ചിരിക്കുന്നു"** (1 കൊരിന്ത്യർ 12:18).

- ആദ്യമായി, സ്വഭാവഗുണത്തിന്റെ പ്രാധാന്യം ഗ്രഹിക്കുക, ദാനങ്ങളെക്കാളും മുകളിലായി. പാസ്റ്റർ സ്വഭാവഗുണത്തെ നോക്കും ദാനം പുറത്തേക്കു വിടുന്നതിനു മുമ്പെ എന്തുകൊണ്ടെന്നാൽ

നിങ്ങൾക്കു അതിനോടുകൂടെ പോകുന്നതായ സ്വഭാവഗുണം ആവശ്യമാണ്. ഉദാഹരണമായി, നിങ്ങൾക്കു ഒരു പ്രത്യേക ദാനം ഉണ്ടെങ്കിൽ, ആ ദാനം ഉപയോഗിക്കുന്നതിന് പാസ്റ്റർ നിങ്ങൾക്കു അവസരം തരും അതേസമയംതന്നെ നിങ്ങളുടെ സ്വഭാവഗുണത്തെ നിരീക്ഷിക്കുകയും ചെയ്യും. സ്വഭാവഗുണം വിശ്വാസയോഗ്യമായതാണെങ്കിൽ പാസ്റ്റർ നിങ്ങൾക്കു നിങ്ങളുടെ ദാനം ഉപയോഗിക്കുന്നതിന് കൂടുതൽ അവസരങ്ങൾ നൽകും. സ്വഭാവഗുണം എന്നിട്ടും വികസിച്ചിട്ടില്ലെന്നു കരുതുക: ഞങ്ങൾ കുറച്ചുകൂടെ നിങ്ങളെ അവിടെ വയ്ക്കും ഒരു വ്യക്തിപരമായ സ്വഭാവം, ആശയം തൂക്കിയിടുന്നതുവരെ അല്ലെങ്കിൽ മനഃസ്ഥിതി പ്രശ്നം ജയിക്കുന്നതുവരെ. ആദ്യത്തെ ദിവസംതന്നെ പാസ്റ്റർ നിങ്ങളെ കൂടുതൽ ഉന്നതമായ പദവിയിലേക്കു ഉയർത്തുന്നത് അസാധാരണമാണ്! നിങ്ങളെ താങ്ങിനിർത്തുന്ന സ്വഭാവഗുണം നിങ്ങൾക്കു ആവശ്യമാണ് ഒരിക്കൽ നിങ്ങൾ ആഗ്രഹിച്ച സ്ഥാനത്ത് എത്തിച്ചേരുമ്പോൾ, അല്ലാത്തപക്ഷം നിങ്ങളുടെ പ്രക്രിയയിലും മറ്റുള്ള അനേകം ജനങ്ങളുമായും നിങ്ങൾ നിങ്ങളെത്തന്നെ മുറിപ്പെടുത്തിയേക്കാം.

- പ്രതീക്ഷ പണിയുക. നിങ്ങളുടെ പാസ്റ്ററിനാൽ വിശ്വാസമർപ്പിക്കേണ്ടതിനു നിങ്ങൾ ധാർമ്മികമായത് സമ്പാദിക്കേണ്ടതു ആവശ്യമാണ്.

- നിങ്ങളോടുതന്നെ ശ്രദ്ധ വലിച്ചെടുക്കരുത്. ചില ജനങ്ങൾ ശുശ്രൂഷയുടെ ചുമതല ഭരമേല്പിക്കപ്പെട്ടപ്പോൾ ദൈവത്തിന്റെ ഭവനത്തിൽ, വലിയ അളവിലേക്കു പോകും മറ്റുള്ള വിശ്വാസികളുടെയിടയിൽ ജനസമ്മതിയുള്ള പുരുഷനും സ്ത്രീയും ആയിത്തീരുന്നതിന്. ശ്രദ്ധക്കുവേണ്ടിയുള്ള ഒരു ആഗ്രഹത്തിന്റെ പുറത്തുനിന്നാണ് ഇതു ജന്മമെടുക്കുന്നത് എന്നിട്ടു യഥാർത്ഥമായി ജനങ്ങളെ സ്വയത്തിലേക്കു വലിച്ചെടുക്കുന്നതിൽ അവസാനിക്കുന്നു, ജനങ്ങളെ ദൈവത്തിങ്കലേക്കു കാണിച്ചുകൊടുക്കുന്നതിനേക്കാളും. അതുകൊണ്ട് ഉറപ്പുവരുത്തുക

നിങ്ങൾ ശുശ്രൂഷിക്കുമ്പോൾ, ജനങ്ങളെ നിങ്ങളിലേക്കല്ല വലിച്ചെടുക്കേണ്ടത് - എന്നാൽ ദൈവത്തിങ്കലേക്കാണ്.

- ആദ്യം നിങ്ങളുടെ ശുശ്രൂഷ തെളിച്ചു കാണിക്കുക എന്നിട്ടു നിങ്ങളെ വിളിച്ചിരിക്കുന്നത് ജനങ്ങൾ അംഗീകരിക്കട്ടെ. നിങ്ങളുടെ വിളിയെ ഘോഷിച്ചു കൊണ്ടുപോകരുത് (ഞാനൊരു അപ്പൊസ്തലനാണ്) തത്തുല്യമായ ശുശ്രൂഷയെ തെളിച്ചുകാണിക്കുന്നതു കൂടാതെ. എത്ര ഹാസ്യജനകമായി ഇതു പ്രത്യക്ഷപ്പെടുമെന്ന് വിചാരിക്കുക, നിങ്ങളുടെ പാസ്റ്റർ എല്ലായിടത്തും പോയി തന്നെത്തന്നെ പാസ്റ്റർ എന്നു വിളിക്കുന്നത്, ഒരു സംഘംചേരൽ ഇല്ലാതിരിക്കുമ്പോൾപോലും. നിങ്ങളെ എന്തിനാണ് വിളിച്ചിരിക്കുന്നത് അതുമാത്രം ചെയ്യുക എന്നാൽ നിങ്ങളുടെ വിളിയും ശുശ്രൂഷയും തെളിവായിത്തീരും. ജനങ്ങൾ ആദ്യം ഫലം കാണട്ടെ, എന്നിട്ടു അംഗീകാരത്തിൽ വരട്ടെ, നിങ്ങൾ ഏതുതരത്തിലുള്ള വൃക്ഷം ആണെന്ന്!
- നിങ്ങളെത്തന്നെ മുൻഭാഗത്തേക്കു തള്ളിവിടരുത്. ക്ഷണിക്കപ്പെടുവാനായി കാത്തിരിക്കുക. യേശു പറഞ്ഞു നമ്മൾ ഒരു വലിയ വിരുന്നിൽ പോകുമ്പോൾ, നമ്മൾ ഒടുവിലത്തെ സ്ഥലത്തുവേണം ഇരിക്കുവാനെന്ന് എന്നിട്ടു വിരുന്നിന് വിളിച്ച ആൾ വന്നു പറയട്ടെ മുമ്പിൽ ഇരിക്കുന്നതിന്. അതാണ് കൂടുതൽ മാന്യമായിട്ടുള്ളത്. നിങ്ങൾക്കു അത്ഭുതകരമായ ഒരു ശബ്ദം ഉണ്ടെന്നു സമ്മതിച്ചതായി വിചാരിക്കുക അതുപോലെ ഒരു സംഗീതഉപകരണം വായിക്കുവാൻ വലിയ കഴിവും ഉണ്ടെന്നും ആരാധനാനായകന്റെ അടുക്കൽ പോയി വെറുതെ പറയരുത് നിങ്ങൾ എത്ര വലിയ ഒരു സംഗീതജ്ഞനാണെന്നും നിങ്ങൾ സംഗീതം വായിക്കുമെന്നും. പകരമായി വെറുതെ നിങ്ങളുടെ കഴിവുകൾ അറിയിക്കുക എന്നിട്ടു കാത്തിരിക്കുക വായിക്കുന്നതിനു നിങ്ങളെ ക്ഷണിക്കപ്പെടുവാൻ അല്ലെങ്കിൽ ആരാധന നയിക്കുവാൻ. അതിനിടയിൽ നിങ്ങൾക്കു ഒരു ശ്രവണശക്തി ചെയ്യേണ്ടിവരും എന്നിട്ടു പതിവായി പരിശീലന

ത്തിനു വരേണ്ടിവരും, നിങ്ങൾ വാസ്തവമായി വായിക്കുന്നതിനുമുമ്പെ.

- പാസ്റ്റർക്കും നായകത്വത്തിനും കണക്കുപറയേണ്ടവനായി ജീവിക്കുക. നിർദ്ദേശങ്ങൾ പിൻതുടരുക കാര്യങ്ങളുടെ ഒഴുക്കുമായി പൊരുത്തപ്പെട്ടു ജീവിക്കുക. നിങ്ങളുടെ അഭിനിവേശത്തെ അനുവദിക്കരുത് നിങ്ങളെ ഭിന്നിപ്പിക്കുന്നതിന് കാരണം ആയിത്തീരുന്നതിന് ഒരു സഭയെ മുഴുവനായും എന്താണ് ചെയ്യേണ്ടതെന്നു ദൈവം നയിക്കുന്നതിനോട്.
- നിങ്ങളുടെ പ്രതിഫലത്തിനായി ദൈവത്തിങ്കലേക്കു നോക്കുക. അനേകജനങ്ങൾ പ്രതീക്ഷിക്കുന്നത് പ്രതിഫലം പാസ്റ്ററിൽ നിന്നും വരുമെന്നാണ് അംഗീകാരത്തിന്റെ രൂപത്തിൽ, പ്രസംഗവേദിയിൽനിന്നും അല്ലെങ്കിൽ ചില പ്രത്യേകരീതിയിലുള്ള കരഘോഷങ്ങളിൽനിന്നും. ഇത് എല്ലാം സാദ്ധ്യമാണ് എന്നുവരികിലും, നിരാശപ്പെടരുത് അല്ലെങ്കിൽ പരുഷമായ്ത്തീരരുത് അങ്ങനെ സംഭവിച്ചില്ലെങ്കിൽ. നിങ്ങൾ ദൈവത്തെ ആണ് സേവിക്കുന്നത് നിങ്ങളുടെ പ്രതിഫലം ദൈവത്തിൽനിന്നും ആണ് വരുന്നത്.

## ചുമതല ഏറ്റെടുക്കൽ പ്രകടിപ്പിക്കുക

“നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക” (2 തിമൊഥെയൊസ് 2:2).

- കഴിവിനേക്കാളും കൂടുതൽ പ്രധാനപ്പെട്ടതാണ് വിശ്വസ്ത. പാസ്റ്റർ നോക്കിക്കൊണ്ടിരിക്കുന്നത് വിശ്വസ്തരായ ജനങ്ങളെയാണ്. “വിശ്വസ്തപുരുഷൻ അനുഗ്രഹസമ്പൂർണ്ണൻ; ധനവാനാകേണ്ടതിനു ബദ്ധപ്പെടുന്നവനോ ശിക്ഷ വരാതിരിക്കയില്ല” (സദൃശവാക്യങ്ങൾ 28:20).
- നിങ്ങൾ ഒരു ചുമതല ഏറ്റെടുക്കുമ്പോൾ, ഉറപ്പുവരുത്തുക അതിൽ നിങ്ങൾ വിശ്വസ്തൻ ആണെന്ന്. ഉദാഹരണമായി, എല്ലാ ഞായറാഴ്ചയും 30 മിനിട്ടുനേരത്തെ സഭയുടെ ചുറ്റു

പാടുകൾ വൃത്തിയാക്കുവാൻ, നിങ്ങൾ ചുമതലപ്പെട്ടിരിക്കുന്നുവെങ്കിൽ ഉറപ്പുവരുത്തുക എല്ലാ ഞായറാഴ്ചയും നിങ്ങൾ അതു ചെയ്യുമെന്ന്. ചുമതലപ്പെട്ടിരിക്കുകയും വിശ്വസിക്കുന്നവനായും ഇരിക്കുക. നിങ്ങൾക്കു ആ ജോലിക്കു പണം തരുന്നില്ലായെങ്കിൽപോലും എന്നാൽ സ്വമനസ്സാലെ സേവനമനുഷ്ഠിക്കുന്നവനായാലും സ്വമനസ്സാലെ സേവനമനുഷ്ഠിക്കുന്ന ഒരു വിശ്വസ്തനായിരിക്ക. പാസ്റ്റർ ഗ്രഹിക്കുന്നു അവിടെ അപ്രതീക്ഷിതമായി കാര്യങ്ങൾ പൊങ്ങിവരുമെന്നും അതു നിങ്ങളെ സഹായിക്കുന്നതിനു അസാദ്ധ്യമാക്കിത്തീർക്കുമെന്നും. നിങ്ങൾക്കു അത് നിവർത്തിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഉറപ്പുവരുത്തുക എത്രയും വേഗം നിങ്ങൾ അതു ആശയവിനിമയം നടത്തുന്നതിന്.

- നിങ്ങൾ എന്താണ് ചെയ്യുന്നതെന്നതിൽ ആനന്ദിക്കുക. ഒരു വ്യക്തി കാര്യങ്ങൾ ചെയ്യുന്നത് മനസ്സില്ലാമനസ്സോടെയായാൽ അതു വളരെ സന്തോഷകരമായിരിക്കുകയില്ല. ചില കാര്യങ്ങൾ ചെയ്യുന്നതിൽ നിങ്ങൾ ആനന്ദിക്കുന്നില്ലെങ്കിൽ, അതു ചെയ്യാതിരിക്കുന്നതാണ് നല്ലത്.
- കർത്താവിനുവേണ്ടി ചെയ്യുക പാസ്റ്റർക്കുവേണ്ടിയല്ല. ഓർക്കുക നിങ്ങളുടെ പാസ്റ്ററെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ ഒന്നും ചെയ്യരുത്, കർത്താവിനുവേണ്ടി ചെയ്യുക.

## ശ്രേഷ്ഠത പിന്തുടരുക

- നിങ്ങൾ എന്തു ചെയ്താലും, ശരിയായി ചെയ്യുക. നിങ്ങളുടെ ഏറ്റവും നല്ലത് ദൈവത്തിനു കൊടുക്കുക. വളരെ പതിവായി ഞങ്ങൾ ചിന്തിക്കുന്നു "എന്നിട്ടുപോലും ഞാൻ സ്വമനസ്സാലെ സേവനം അനുഷ്ഠിക്കുന്നു. ഞാൻ ഇതു വെറുതെ ശുശ്രൂഷക്കായി ചെയ്യുന്നു. നിങ്ങളുടെ ആന്തരികോദ്ദേശ്യം അങ്ങനെ ആയിരിക്കരുത്. നിങ്ങൾ കർത്താവിനുവേണ്ടി ചിലതു ചെയ്യുമ്പോൾ, അതു ശരിയായി ചെയ്യുക, ദൈവം തന്ന കഴിവനു

സരിച്ച് ഏറ്റവും നല്ലതായി ചെയ്യുക. നിങ്ങൾക്കുള്ള ഏറ്റവും നല്ലതിനു ദൈവം യോഗ്യനാണ്.

## രാജ്യത്തിന്റെ ഒരു പണിക്കാരനായിരിക്കുക

- നിങ്ങൾ ശുശ്രൂഷിക്കുമ്പോൾ നിങ്ങളെത്തന്നെ ഓർപ്പിക്കുക ഇതു പ്രത്യേകമായ ഒരു പ്രാദേശികസഭയെ ശുശ്രൂഷിക്കുന്നതിനെപ്പറ്റിയല്ല എന്നാൽ ദൈവരാജ്യം പണിയുന്നതിനെപ്പറ്റിയാണ്. ഓർക്കുക നിങ്ങൾ ഇതു ചെയ്യുന്നത് രാജാധിരാജാവിനു വേണ്ടിയാണ്, നിങ്ങൾ ഒരു പ്രാദേശിക സഭയുടെ ഭാഗം എന്നിരുന്നാലും. നിങ്ങൾ ഇതു ചെയ്യുന്നത് അവന്റെ രാജ്യം പണിയുന്നതിനാണ്. നിങ്ങൾ ശുശ്രൂഷിക്കുന്ന പ്രാദേശിക സഭയുടെ അപ്പുറത്തേക്കു നോക്കുക, അതു വെറും ഒരു പേരു മാത്രം ആണ്.
- സ്വാർത്ഥബുദ്ധിയും സ്വയകേന്ദ്രീകൃതവും ഒരു വശത്തു ഇടുക. നിങ്ങളുടെ പ്രാദേശികസഭയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് യാതൊന്നും ചെയ്യരുത്. ഓർക്കുക നിങ്ങളെ അവിടെ ആക്കിയിരിക്കുന്നത് നിയതമായി ദൈവരാജ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ്. എല്ലാ സമയങ്ങളിലും ക്രിസ്തുവിനെ മഹത്വപ്പെടുത്തുക.
- ശുശ്രൂഷകന്മാരുടെ ഇടയിൽ ഐക്യത വർദ്ധിപ്പിക്കുക, മറ്റു ശുശ്രൂഷകന്മാരുടെയിടയിലും സഭകളിലും. മറ്റുള്ള സഭകളിലെ വിശ്വാസികളുമായിട്ടുള്ള കൂട്ടായ്മയിൽ ഭയപ്പെടരുത്. രാജ്യത്തിന്റെ ഒരു പണിക്കാരനായിരിക്കുക. ദൈവരാജ്യത്തിന്റെ നിലയെക്കുറിച്ചു ചിന്തിക്കുക. നിങ്ങളോടുതന്നെ ചോദിക്കുക ദൈവരാജ്യം പണിയുന്നതിന് നിങ്ങൾക്കു എന്താണ് ചെയ്യുവാൻ കഴിയുന്നത് എന്നും എങ്ങനെയാണ് സഭകൾക്കും ശുശ്രൂഷകൾക്കും എതിരെ പ്രവർത്തിക്കുന്നതെന്നും, അങ്ങനെ ക്രിസ്തുവിനെ നമ്മുടെ മദ്ധ്യത്തിൽ മഹത്വപ്പെടുത്തുവാൻ കഴിയും.

- നിങ്ങളുടെ പാസ്റ്ററുടെ സാക്ഷ്യം കാക്കുവാൻ സഹായിക്കുക.
- നിങ്ങളുടെ പാസ്റ്ററുടെ സമയം കാക്കുവാൻ സഹായിക്കുക.
- നിങ്ങളുടെ പാസ്റ്ററുടെ കുടുംബത്തെ കാക്കുവാൻ സഹായിക്കുക.
- നിയോഗിക്കപ്പെട്ട നായകത്വത്തെ ബഹുമാനിച്ച് അവരോടുകൂടെ പ്രവർത്തിക്കുക.
- സഭയുടെ വിളിയും ദർശനവുമായി ഒഴുകുക.
- സഭയുടെ പഠിപ്പിക്കലിലും വിശ്വാസത്തിലുമായി ഒഴുകുക..
- ഒരു ശുശ്രൂഷകൻ ആയിത്തീരുക.
- ചുമതല ഏറ്റെടുക്കൽ പ്രകടിപ്പിക്കുക.
- ശ്രേഷ്ഠത പിന്തുടരുക.
- രാജ്യത്തിന്റെ ഒരു പണിക്കാരനായിരിക്കുക.

# 3

# നിങ്ങളുടെ പാസ്റ്റർ മാനുഷികമായതാണ്

ചില സമയങ്ങളിൽ ജനങ്ങൾ മറക്കുന്നു അവരുടെ പാസ്റ്റർ മാനുഷികമായതാണെന്നുകൂടി – അവരെപ്പോലെ വികാരങ്ങളുള്ള ഒരു മനുഷ്യൻ (അദ്ദേഹം റിച്ചീസിന്റെ ബിരിയാണിയും കൂടി ഇഷ്ടപ്പെടുന്നു). മനസ്സിൽ ഇതുവച്ചുകൊണ്ട്, ഇവിടെ ഇതാ ചില പ്രവർത്തനീയമായ നിർദ്ദേശങ്ങൾ.

- ഒരു മനുഷ്യനെക്കുറിച്ചു വളരെ ഉയരമായി ചിന്തിക്കരുത്. ചില ജനങ്ങൾ അവരുടെ പാസ്റ്ററെ കരുതുന്നത് ഒരു "ക്രിസ്തീയ സൂപ്പർസ്റ്റാർ" ആയിട്ടാണ് എന്നിട്ട് ചിന്തിക്കുന്നു അവരുടെ പാസ്റ്റർ "സൂപ്പർമാൻ" ആണെന്ന്. ഇവിടെ ഇതാ യഥാർത്ഥമായ സത്യം. നിങ്ങളുടെ പാസ്റ്റർ ഒരു സൂപ്പർസ്റ്റാർ അല്ല, തീർച്ചയായിട്ടും ഒരു സൂപ്പർമാനും അല്ല, അതുകൊണ്ട് അദ്ദേഹത്തെ സൂപ്പർസ്റ്റാർഡംകൊണ്ടു 'അഭിഷേകം' ചെയ്യരുത്! ഒരു മനുഷ്യനെക്കുറിച്ചു വളരെ ഉയരമായി ചിന്തിക്കുന്നത് ഈശ്വര ഭക്തിയില്ലാത്തതും അനാരോഗ്യകരമായതുമാണ്. ദൈവത്താൽ നിയോഗിക്കപ്പെട്ട നായകത്വത്തെ മാനിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നാൽ ഒരു മനുഷ്യനു അർഹിക്കാത്ത പ്രാധാന്യം കൊടുക്കരുത്.

**"ആകയാൽ ആരും മനുഷ്യരിൽ പ്രശംസിക്കരുത്; സകലവും നിങ്ങൾക്കുള്ളതല്ലോ"** (1 കൊരിന്ത്യർ 3:21).

**"സഹോദരന്മാരേ, ഇതു ഞാൻ നിങ്ങൾ നിമിത്തം എന്നെയും അപ്പൊല്ലോസിനെയും ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നത്: എഴുതിയിരിക്കുന്നതിനും അപ്പുറം (ഭാവിക്കാതിരിപ്പാൻ) ഞങ്ങളുടെ ദൃഷ്ടാന്തം കണ്ടു പഠിക്കേണ്ടതിനും ആരും ഒരുത്തനു അനുകൂലമായും മറ്റൊരുവനു പ്രതികൂലമായും ചീർത്തു പോകാതിരിക്കേണ്ടതിനും തന്നെ"** (1 കൊറിന്ത്യർ 4:6).

നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്?

- നിങ്ങളുടെ പാസ്റ്ററിൽ ആശ്രയം വെച്ചിരിക്കുന്നവരായിരിക്കരുത്. നിങ്ങൾ ആത്മികമായി വളരേണ്ടതു ആവശ്യമാണ് എന്നിട്ടു നിങ്ങളുടെ സ്വന്ത നടപ്പു ദൈവത്തോടുകൂടെ നടപ്പാൻ പഠിക്കണം. നിങ്ങളെ സഹായിക്കുവാൻ നിങ്ങളുടെ പാസ്റ്റർ അവിടെയുള്ളപ്പോൾ ഓരോ വിശ്വാസിയും കർത്താവുമായിട്ടുള്ള ഒരു വ്യക്തിപരമായ ബന്ധം വികസിപ്പിക്കണം. നിങ്ങൾതന്നെ ദൈവവചനം വായിക്കുവാനും, പഠിക്കുവാനും, പോഷിപ്പിക്കുവാനും പഠിക്കണം. പ്രാർത്ഥിക്കുവാൻ പഠിക്കണം. നിങ്ങൾക്കു തന്നെ ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കണം. വളരണം. ആത്മീയശിശുപരിപാലനസ്ഥലത്തുനിന്നും സർവ്വകലാശാല ബിരുദം ലഭിക്കുക എന്നിട്ടു ഒരു ആത്മീയപിതാവ്/ആത്മീയ മാതാവ് ആയിത്തീരുക, അവർക്കു മറ്റുള്ളവരെ വിശ്വാസത്തിൽ വളർത്തുവാൻ സഹായിക്കുവാൻ കഴിയും.

- നിങ്ങളുടെ അഭിഷേകം ദൈവത്തിൽനിന്നുമാണ് വരുന്നത്. ഇതു സത്യമാണ് എന്നിരിക്കെ ആത്മീയ പകർന്നുകൊടുക്കൽ ഉണ്ടാകുന്നതു അഭിഷേകം ചെയ്യപ്പെട്ട നായകത്വത്തിൽനിന്നും നായകത്വത്തിലൂടെയുമാണ്, ഓർക്കുക ആത്യന്തികമായി നിങ്ങളുടെ അഭിഷേകം വരുന്നത് ദൈവത്തിൽനിന്നുമാണ് ദൈവം ആണ് അഭിഷേകം ചെയ്യുന്നത്. നിങ്ങളുടെ പാസ്റ്ററുടെ അഭിഷേകത്തിന്റെ ഒരു ഫോട്ടോകോപ്പി നിങ്ങൾക്കില്ല. ദൈവത്തിൽനിന്നുമുള്ള നിങ്ങളുടെ സ്വന്തവരങ്ങളും അഭിഷേകവും നിങ്ങൾതന്നെ സ്വീകരിക്കുകയും വികസിപ്പിക്കുകയും വേണം. നിങ്ങളുടെ പാസ്റ്ററിന്മേലുള്ള അഭിഷേകവും ആവരണവും, നിങ്ങളുടെ പ്രാദേശികസഭയിന്മേലും, നിങ്ങൾ എന്താണ് ദൈവത്തിൽനിന്നും സ്വീകരിക്കുന്നത് അതിനെ വർദ്ധിപ്പിക്കുവാൻ കഴിയും. എന്നാൽ ആത്യന്തികമായി നിങ്ങളുടെ അഭിഷേകം ആശ്രയിച്ചിരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെയുള്ള നിങ്ങളുടെ നടപ്പിനെയാണ്.

**"അതിനു യോഹന്നാൻ: സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യനു ഒന്നും ലഭിപ്പാൻ കഴികയില്ല"** (യോഹന്നാൻ 3:27).

**"ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ"** (2 കൊരിന്ത്യർ 1:21)

തീരുമാനിക്കുന്നത് വളരെയധികം വേഗത്തിൽ ആയിരിക്കരുത്. എന്തുകൊണ്ടെന്നാൽ തക്കതല്ലാത്തതും തന്മയത്വമല്ലാത്തതുമായ പ്രതീക്ഷകൾമൂലം ജനങ്ങൾക്കു വളരെ നിരൂപണപരമാകുവാൻ കഴിയും എന്നിട്ടു വളരെ എളുപ്പമായി അവർ അവരുടെ പിറകു പാസ്റ്ററിങ്കലേക്കു തിരിക്കും. അവർ തെറ്റുകൾ വരുത്തുകയാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ അവരുടെ പ്രതീക്ഷകളെ സന്ധിക്കുന്നതിൽ തോൽക്കുകയാണെങ്കിലും. എല്ലാ ജനങ്ങളുടെയും സഭയിൽ ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണ് സംഘം ചേരുന്ന ജനങ്ങളെ ലഭിക്കുന്നതിനു അവർ വളരെയധികം പിൻതാങ്ങുന്നവരും അത്യന്തമായി വിവേകമുള്ളവരുമാണ്. എന്നിരുന്നാലും, ഒരു ജ്ഞാപകക്കുറിപ്പ് എന്ന നിലക്കു ഇതു ഇവിടെ ഞാൻ പ്രസ്താവിക്കുന്നു - നിങ്ങളുടെ പാസ്റ്ററെ തീരുമാനിക്കുന്നത് വളരെ വേഗത്തിൽ ആയിരിക്കരുത്. നിങ്ങളുടെ പാസ്റ്റർ, നിങ്ങളെപ്പോലെ, എന്നിട്ടും ഒരു ജോലിയിൽ അഭിവൃദ്ധിയായിരിക്കുന്നതും എന്നിട്ടും പണി നടന്നുകൊണ്ടിരിക്കുന്ന ഒരു കെട്ടിടവും ആണ്. അതുകൊണ്ട് ദയവായി താറുമാറാകുന്നത് ക്ഷമിക്കുക ദയവായി  ക്ഷമാശീലമുള്ളവരായിരിക്കുക.

**"നിങ്ങളോ മനുഷ്യർ കഴിക്കുന്ന വല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നത് എനിക്കു എത്രയും ലഘുകാര്യം; ഞാൻ എന്നെത്തന്നെ വിധിക്കുന്നതുമില്ല. എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല; എന്നെ വിധിക്കുന്നത് കർത്താവ് ആകുന്നു. ആകയാൽ കർത്താവ് വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തനു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉണ്ടാകും"** (1 കൊരിന്ത്യർ 4:3-5).

- നിങ്ങളുടെ പാസ്റ്റർ ഒരു അതിപ്രശസ്തനും ആരാധിക്കപ്പെടുന്നവനുമായ ഒരു താരം അല്ല തീർച്ചയായും ഒരു അതിമാനുഷനുമല്ല, അതുകൊണ്ട് ദയവായി അദ്ദേഹത്തെ അഭിഷേകം ചെയ്യരുത് അതിപ്രശസ്തനും ആരാധിക്കപ്പെടുന്നവനുമായ ഒരു താരമായി!

- നിങ്ങളുടെ പാസ്റ്ററിൽ ആശ്രയം വയ്ക്കുന്നവരായിരിക്കരുത്. നിങ്ങൾ ആത്മീയമായി വളരേണ്ടതു ആവശ്യമാണ് എന്നിട്ടു നിങ്ങളുടെ സ്വന്ത നടപ്പ് ദൈവത്തോടുകൂടെ നടക്കുവാൻ പഠിക്കണം.

- നിങ്ങളുടെ അഭിഷേകം ദൈവത്തിൽനിന്നുമാണ് വരുന്നത്. ഇതു സത്യമാണ് എന്നിരിക്കെ ആത്മീയ പകർന്നുകൊടുക്കൽ ഉണ്ടാകുന്നത് അഭിഷേകം ചെയ്യപ്പെട്ട നായകത്വത്തിൽനിന്നും നായകത്വത്തിലൂടെയുമാണ്, ഓർക്കുക ആത്യന്തികമായി നിങ്ങളുടെ അഭിഷേകം വരുന്നത് ദൈവത്തിൽനിന്നുമാണ്.

- നിങ്ങളുടെ പാസ്റ്ററെ തീരുമാനിക്കുന്നത് വളരെ വേഗത്തിൽ ആയിരിക്കരുത്. നിങ്ങളുടെ പാസ്റ്റർ, നിങ്ങളെപ്പോലെ, എന്നിട്ടും അഭിവൃദ്ധിപ്പെടുന്ന ഒരു പ്രവൃത്തിയാണ്, ഒരു കെട്ടിടം എന്നിട്ടും പണി നടന്നുകൊണ്ടിരിക്കുന്നതാണ്.

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**


**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617, +91-80-65970617
Email : contact@apcwo.org
Website : www.apcwo.org

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നത്

ഉണർവ്വ്: ഒരു സഭ ഉണർവ്വിൽ

സ്വർഗ്ഗം: സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**രണ്ടു പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടു വർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപക രാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ" (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കു വേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായകൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

Notes

Notes

Notes

നമ്മളിൽ മാതാപിതാക്കളായിട്ടുള്ളവർക്കു അറിയാം കുട്ടികളെ വളർത്തിയെടുക്കുമ്പോൾ, അവിടെ നമ്മൾ പ്രഹരിക്കുന്ന സമയങ്ങളുണ്ട്, മിക്കവാറും നമ്മൾ വളരെ പതിവായി അവരെ സ്നേഹംകൊണ്ടു വർഷിക്കും! ഇതു നമ്മൾ നമ്മളുടെ മക്കളെ വെറുക്കുന്നതുകൊണ്ടല്ല എന്നാൽ എന്തുകൊണ്ടെന്നാൽ അവരെ ശക്തമായ ജനങ്ങളാക്കി വളർത്തുവാൻ നമ്മൾ ആഗ്രഹിക്കുന്നതുകൊണ്ടാണ്. അതുപോലെതന്നെ ശക്തരായ ജനങ്ങളെ സഭയിൽ എഴുന്നേല്പിക്കുവാൻ നമ്മൾ ആഗ്രഹിക്കുമ്പോൾ ദൈവത്തിന്റെ ഭവനത്തിൽ അവർ എന്താണ് ചെയ്യുവാൻ സങ്കൽപ്പിക്കുന്നതെന്ന് നമ്മൾ അവരെ പഠിപ്പിക്കേണ്ടതു ആവശ്യമാണ്.

നിർഭാഗ്യവശാൽ ഈ വിഷയത്തെക്കുറിച്ചു അവിടെ കൂടുതലായ പഠിപ്പിക്കലൊന്നും ഇല്ല, എല്ലാവർക്കും ചെയ്യുന്നതിനു ചായ്‌വുണ്ടാകുന്നു, അവർ ശരിയെന്നു ചിന്തിക്കുന്നത് ചെയ്യുന്നതിന്. സഭയിലുള്ള ജനങ്ങൾ അവരുടെ മനസ്സിൽ എന്തൊക്കെയാണോ അതു ചെയ്യുന്നു എന്നിട്ടു സഭയെ വ്യത്യസ്ത ദിക്കുകളിലേക്കു വലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു എന്നിട്ടു ഇപ്രകാരം സഭ എങ്ങുമല്ലാതെ പോകുന്നു! ഒരുവൻ അല്ലെങ്കിൽ ഒരുവൾ അവർ ചിന്തിക്കുന്നത് ശരിയാണെന്നു വിചാരിച്ച് ഓരോരുത്തരും അതു ചെയ്താൽ, കലഹങ്ങളും അലങ്കോലങ്ങളും നിറഞ്ഞ ഒരു സഭയായിരിക്കും നമുക്കു ഉണ്ടായിരിക്കുന്നത്. എന്നാൽ ദൈവം അലങ്കോലത്തിന്റെ സൃഷ്ടികർത്താവല്ല.

ശക്തമായ ഒരു സഭ പണിയുവാനുള്ള ആഗ്രഹത്തോടെ, അതിൽ ശക്തരായ ജനങ്ങളെ എഴുന്നേൽപിച്ചുകൊണ്ടു, ഈ സന്ദേശം ഞാൻ പങ്കുവയ്ക്കുന്നു - "നിങ്ങളുടെ പാസ്റ്ററെ എങ്ങനെയാണ് സഹായിക്കുന്നത്" ഈ പുസ്തകത്തിലൂടെ, ഇങ്ങനെചെയ്യുന്നതുകൊണ്ട് എന്റെ ഹൃദയത്തിന്റെ പ്രേരകം നിങ്ങൾ ഗ്രഹിക്കുമെന്ന്.

**അഷീഷ് റായിച്ചൂർ**